## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3170 14/07/2015-ൽ മറുപടിക്ക്

### കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത്

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്ത ലൈബ്രറി, വായനശാലകൾ, കായിക /സാംസ്കാരിക സംഘടനകൾ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. ലൈബ്രറികൾ, വായനശാലകൾ, കായിക/സാംസ്കാരിക സംഘടനകൾ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, സ്ഥാപനം അഞ്ചു വർഷത്തിൽ കൂടുതലായി തുടർച്ചയായി ഇതേ ആവശ്യത്തിനായി ഇതേ പ്രെമിസസ്സിൽ പ്രവർത്തിച്ചു വരികയാണെന്നുള്ള തെളിവു ഹാജരാക്കുന്ന പക്ഷം, കെട്ടിട നമ്പർ ഇല്ലാതെ തന്നെ കണക്ഷൻ നൽകുന്നതിന് 12.06.2015-ലെ ജി.ഒ (ആർ.റ്റി) 131/15/ഊ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നടപ്പിലാക്കുന്നതിന് 07.07.2015-ൽ വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി ലഭിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ബി) വൈദ്യുതി ലഭിക്കുന്നതിനായി, പ്രസ്തുത സ്ഥാപനങ്ങൾ 'സ്ഥാപനം അഞ്ചു വർഷത്തിൽ കൂടുതലായി തുടർച്ചയായി ഇതേ ആവശ്യത്തിനായി ഇതേ പ്രെമിസ്സസിൽ പ്രവർത്തിച്ചു വരികയാണ്' എന്നതിന് വേണ്ടത്ര തെളിവ് സഹിതം ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറെ സമീപിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**